# ജ്യോതിശ്ശാസ്ത്രം

ജ്യോതിഃകല്പോ നിരുക്തം ച
ശിക്ഷാ വ്യാകരണം തഥാ
ഛന്ദോ വിചിതിരേതാനി
ഷഡംഗാനി വിദുഃശ്രുതേഃ

വേദത്തിന്റെ ആറ് അംഗങ്ങളിൽ (ആറും ശാസ്ത്രങ്ങളാണ്) വെച്ച് പ്രഥമസ്ഥാനം ജ്യോതിഷത്തിന് ഉണ്ടെന്ന് വ്യക്തമാകുന്നു. മനുഷ്യശരീരത്തിന് പാദാദികളായ അംഗങ്ങൾപോലെ വേദത്തിനും അംഗങ്ങൾ ഉണ്ട്. അവ ആറ് എണ്ണങ്ങളുണ്ടെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ഛന്ദഃപാദൗ ശബ്ദശാസ്ത്രിം ച വക്ത്രം
കല്പഃ പാണീ ജ്യോതിഷം ചക്ഷുഷീ ച
ശിക്ഷാഘ്രാണം ശ്രോത്രമുക്തം നിരുക്തം
വേദസ്യാംഗാന്യേവ മാഹൂർമ്മുനീന്ദ്രാ

ഗായത്ര്യാദി ഛന്ദസ്സുകളുടെ  ലക്ഷണത്തെ ഉപദേശിയ്ക്കുന്ന ശാസ്ത്രം . ഛന്ദഃശാസ്ത്രം. വേദപുരുഷന്റെ പാദങ്ങളായും വേദത്തിന്റെ ഭാഷയുടെ സാംഗോപാംഗലക്ഷണത്തെ ഉപദേശിയ്ക്കുന്ന ശാസ്ത്രം. ശബ്ദശാസ്ത്രം മുഖമായും; വൈദികകർമ്മാനുഷ്ഠാനങ്ങളെ ഉപദേശിക്കുന്ന ശാസ്ത്രം കല്പശാസ്ത്രം കയ്യുകളായും അഗ്നിഷ്ടോമാദിവൈദികകർമ്മങ്ങളുടെ കാലത്തെ ഉപദേശിയ്ക്കുന്ന ശാസ്ത്രം ജ്യോതിശാസ്ത്രം ചക്ഷുസ്സായും വേദോച്ചാരണലക്ഷണത്തെ ഉപദേശിയ്ക്കുന്ന ശാസ്ത്രം ശിക്ഷാശാസ്ത്രം നാസികയായും വേദാർത്ഥനിരൂപണത്തെ ചെയ്യുന്ന ശാസ്ത്രം നിരുക്തശാസ്ത്രം ശ്രോത്രങ്ങളായും മുനികൾ നിശ്ചയിച്ചിരിക്കുന്നു.

വേദസ്യ ചക്ഷുഃകില ശാസ്ത്ര മേതൽ
പ്രധാനതാംഗേഷു തതോഽസ്യ യുക്താ
അംഗൈര്യുതോഽന്യൈരപി പൂർണ്ണമൂർത്തി-
ശ്ചക്ഷുർവിനാ കഃ പുരുഷത്വമേതി.
മുഖമർദ്ധം  ശരീരസ്യ സർവ്വം വാ മുഖമുച്യതേ
തത്രാപി നാസികാഗ്രേഷു ശ്രേഷ്ഠേ തത്രാപി ചക്ഷുഷി

എന്നീ പ്രമാണങ്ങൾ കൊണ്ട് സർവ്വാംഗങ്ങളിലും വെച്ച് ചക്ഷുസ്സിന്നാണ് (കണ്ണ്) പ്രാധാന്യമെന്ന് സിദ്ധിയ്ക്കുന്നു.

സർവ്വേന്ദ്രിയാണാം നയനം പ്രധാനം എന്നും പ്രമാണമുണ്ട്. ജ്യോതിശ്ശാസ്ത്രത്തിന് വേദാംഗങ്ങളിൽ ചക്ഷുസ്സിന്റെ സ്ഥാനം കല്പിക്കപ്പെട്ടതിന്റെ പ്രധാന്യം ഇനി പറയേണ്ടത്തില്ലല്ലോ.

വേദാഹി യാഥാർത്ഥമഭിപ്രവൃത്താം
കാലാനുപൂർവം വിഹിതാശ്ചയം
തസ്മാദിദം കാലവിധാനശാസ്ത്രം
യദ് ജ്യോതിഷം വേദസവേയാൻ

വേദവിഹിതങ്ങളായ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ട കാലത്തെ വിവരിയ്ക്കുകയും ജനനമരണങ്ങൾ വഴി പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന ജീവരാശികളുടെ അദൃഷ്ടഫലത്തെ ബോധിപ്പിയ്ക്കുകയും ചെയ്യുന്നതുകൊണ്ടാണ് വേദത്തിന്റെ നേത്രസ്ഥാനീയമായ ജ്യോതിഷത്തിനു ഇതരാംഗങ്ങളേക്കാൾ കൂടുതൽ മഹത്വം സിദ്ധിച്ചതെന്നു വ്യക്തം- ജ്യോതിഷം കാലവിധാനശാസ്ത്രം തന്നെയാകുന്നു ജീവരാശികളുടെ അദൃഷ്ടഫലമെന്നാൽ അനാദിമൂലജന്മം തുടങ്ങി സവ്യാപസവ്യപ്രവൃദ്ധമായ വൃദ്ധിക്ഷയങ്ങളോടും ഉച്ചനീചാവസ്ഥകളോടും കൂടി ആത്മപ്രകൃതികളെയും ഭൂതങ്ങളേയും ആശ്രയിച്ചു പ്രാണികളുടെ പ്രവൃത്തിയ്ക്കും നിവൃത്തിയ്ക്കും ഉഭയസ്ഥിതിയ്ക്കും സുഖദുഃഖികൾക്കും കാരണമായി കാലവ്യവഛേദാനുസരണം ഓരോ ജന്മത്തിലും അനുഭവകുലമായി ഭവിയ്ക്കുന്നതും ജ്യോതിശ്ശാസ്ത്രം കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ദൃഷ്ടമല്ലാത്തതുമായ പുണ്യപാപമാകുന്നു. മനുഷ്യജീവിതത്തിൽ പ്രതിനിമിഷം സംഭവിക്കുന്ന സുഖദുഃഖങ്ങൾക്കും സ്ഥിതിഭേദങ്ങൾക്കും അടിസ്ഥാനമാക്കിയിട്ടുള്ളത് എന്താണ്? എന്തൊക്കെയാണ്? അവ മനസ്സിലാക്കാൻ മന്ത്രദൃഷ്ടാക്കളായ ഋഷികൾ യത്നിച്ചതിന്റെ പരിണതഫലമാണ് ജ്യോതിഷം. സൂര്യൻ ചന്ദ്രൻ ചൊവ്വ ബുധൻ വ്യാഴം ശുക്രൻ ശനി എന്നീ നാമങ്ങളിൽ അന്തരീക്ഷത്തിലും സൂക്ഷ്മസ്ഥൂലരൂപത്തിലും  സ്ഥിതിചെയ്യുന്ന ഗ്രഹികളുടെ ഗതിവിഗതികളും ബലാബലങ്ങളും പരിവർത്തനങ്ങളും  മറ്റുംകൊണ്ടും മനുഷ്യജീവിതത്തിന്റെ മുൻപറഞ്ഞ ദ്വന്ദ്വഭാവങ്ങൾ ഗ്രഹിയ്ക്കാൻ സാധിയ്ക്കുന്നു.

ലോകത്തിൽ സ്ഥിതിഭേദങ്ങളും കാലവ്യത്യാസങ്ങളും മറ്റും ഉണ്ടാകുന്നതിന്റെ കാരണം സൂര്യാദിഗ്രഹങ്ങളുടെ ഭൂമിയിലുള്ള സ്വാധീനമാണെന്ന് മുനികളാൽ യാതൊരു അളവുപകരണങ്ങളുമില്ലാതെത്തന്നെ സമർത്ഥിയ്ക്ക

പ്പെട്ടിട്ടുണ്ട്. അതുപോലെ സൂക്ഷ്മരൂപത്തിൽ മനുഷ്യശരീരത്തിൽ സ്വാധീനിയ്ക്കുന്ന ഈ ഗ്രഹങ്ങളുടെ അവസ്ഥാ ഭേദങ്ങൾകൊണ്ടത്രേ സുഖദുഃഖാനുഭവങ്ങൾ സംജാതമാകുന്നത്. പൂർവ്വജന്മാർജ്ജിതമായ പുണ്യപാപങ്ങളുടെ അനുപാതമനുസരിച്ചായിരിക്കും അതിന്റെ ഏറ്റക്കുറവുകൾ എന്നുമാത്രം.

കാലചക്രത്തെ ആധാരമാക്കിയാണ് ഗ്രഹങ്ങൾ സ്ഥിതിചെയ്യുന്നതും അവ ജീവികളിൽ സ്വാധീനങ്ങൾ ചെലുത്തുന്നതും. ഒരു ശരീരത്തിൽ ശിരസ്സ് മുഖം കഴുത്ത് മുതലായ സ്ഥിരാവയവങ്ങളും രസം രക്തം മാംസം മുതലായ ചലാവയവങ്ങളും എന്ന പ്രകാരത്തിലാണ് കാലശരീരത്തിൽ അശ്വിന്യാദികളായ രണ്ടേ കാൽ നക്ഷത്രങ്ങളോടുകൂടിയ മേടം മുതലായ രാശികളും ആ രാശികളിൽ സഞ്ചരിയ്ക്കുന്ന സൂര്യാദിഗ്രഹങ്ങളും സഞ്ചരിക്കുന്നത് അതുകൊണ്ടാണ് ഗ്രഹങ്ങൾ ചെയ്താലും കാലം ചെയ്തു എന്നുപറയുന്നത്. അപ്പോൾ ഗ്രഹങ്ങൾക്കും കാലത്തിനും തമ്മിൽ അംഗാദിഭാവം - അഥവാ ആധാരആദേയഭാവം ഉണ്ടെന്ന് സിദ്ധിയ്ക്കുന്നു. ധാതു, മൂലം, ജീവൻ, സ്ത്രീ, പുരുഷൻ, ചരം, സ്ഥിരം, ഉദയം അക്രൂരം (സൗമ്യം), മൂഢം, ഐശ്വര്യം, മാനുഷം, ആസുരം, രാക്ഷസം, പൈശാചം, സുഖംസ, ദുഃഖം, പുണ്യം, പാപം രാഗദ്വേഷാദികൾ പ്രകൃതിഭേദങ്ങൾ ശൃംഗാരാദി രസങ്ങൾ അനുഭാവങ്ങൾ തുടങ്ങിയ സമഗ്രപ്രപഞ്ചത്തിന്റേയും കാരണശക്തികൾ മുഴുവനും കാലചക്രത്തിലാണ് സ്ഥിതിചെയ്യുന്നത്.

വേദചക്ഷുസ്സായ (വേദത്തിന്റെ -കണ്ണ്) ജ്യോതിശ്ശാസ്ത്രത്തിന് ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം, എന്നീ ആറ് അംഗങ്ങൾ ഉണ്ട്. ഇവയിൽ ജാതകവും പ്രശ്നവുമാണ് ഒരു മനുഷ്യന്റെ ഗുണദോഷഫലങ്ങളെ ചിന്തിയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ. ജാതകം– ഒരു വ്യക്തി ജനിയ്ക്കുന്ന സ്ഥലം, സമയം എന്നിവ കണക്കാക്കി ലഗ്നവും ഗ്രഹങ്ങളേയും ഗണിച്ച് മരണം വരെ അനുഭവിയ്ക്കുന്ന ഫലങ്ങൾ അറിയുവാൻ ജാതകം സഹായിക്കുന്നു. ജാതകമെഴുതുന്നതിനു സ്ഥായിയായ ചില നിയമങ്ങളും നിർബ്ബന്ധങ്ങളും ക്രമങ്ങളും ഉണ്ട്. ഒരു വ്യക്തിക്ക് അനുഭവയോഗ്യമായ ഗുണദോഷഫലങ്ങളും ജയാപജയങ്ങളും ദോഷപരിഹാരങ്ങളും ജാതകത്തിൽ എഴുതേണ്ടതാണ്. ക്രയാഭാഗവും ഫലഭാഗവും ഒരുപോലെ സമ്മേളിക്കേണ്ടതായ ഒരു സൃഷ്ടിയാണ് ജാതകരചന. ക്രിയഭാഗം കൃത്യമായാൽ ഫലഭാഗം ശരിയാവുമെന്നാണ് പരക്കെയുള്ള ധാരണ. ജാതക കർത്താവിന്റെ ദൈവജ്ഞത്വം ഇതിൽ പ്രബലവും പ്രമുഖവുമായ പങ്ക് വഹിയ്ക്കുന്നുണ്ട്.

ഇന്നത്തെ കമ്പ്യൂട്ടർ യുഗത്തിൽ ജാതകമെഴുത്ത് എന്നത് സാർവ്വത്രികമായി കഴിഞ്ഞു. 10 മിനുട്ടിനുള്ളിൽ തയ്യാറാക്കിക്കിട്ടുന്ന ജാതകത്തിൽ ക്രിയാഭാഗത്തിലുള്ള കൃത്യതയെപ്പറ്റി പറയാതെ വയ്യ. എന്നാൽ ഫലഭാഗത്തിൽ സൂക്ഷ്മതയില്ലെന്ന് ഏവർക്കും അറിവുള്ളതാണ്.

ജ്യോതിശ്ശാസ്ത്രത്തിന്റെ എല്ലാ ശാഖയിലും ആചാര്യനും സാക്ഷാൽ സൂര്യദേവന്റെ അവതാരമായി ആരാധിയ്ക്കപ്പെടുന്ന മഹാനുമായ വരാഹമിഹിരാചാര്യന്റെ ബൃഹജാതകം എന്ന ഹോരാഗ്രന്ഥം; വൈദ്യനാഥ വിരചിത ജാതക പാരിജാതം; മന്ത്രേശ്വരപ്രണീതമായ ഫലദീപിക, പുതുമനച്ചോമാതിരിയുടെ കൃതിയായ ജാതകാദേശം, മേല്പത്തൂർ നാരായണഭട്ടതിരിയുടെ ചമൽകാര ചിന്താമണി തുടങ്ങിയ ഗ്രന്ഥങ്ങളാണ് അടിസ്ഥാനപ്പെടുത്തിയാണ് മലയാളത്തിലെ ജ്യോതിശികൾ ജാതകം രചിയ്ക്കാറുള്ളത്. പ്രശ്നം (രാശി) പ്രശ്നമാണ് ജ്യോതിശ്ശാസ്ത്രത്തിന്റെ ഫലാത്മകമായ മറ്റൊരു പ്രധാന അംഗം. പ്രശ്നം ചെയ്യുന്ന ദൈവജ്ഞന് ശക്തമായ ആത്മനിഷ്ഠ ആവശ്യം വേണ്ടതാണ്. അനേകഹോരാതന്ത്രജ്ഞനും, പഞ്ചസിദ്ധാന്ത കോവിദനും, ഊഹാപോഹപടുവും മന്ത്രസിദ്ധിയുള്ളവനും, ഗണിതവിദഗ്ദ്ധനും, സദാചാരയുക്തനും, സത്യവാക്കുകളുള്ളവനും, വിനയമുള്ളവനും, വേദാദ്ധ്യായിയും ഗ്രഹപൂജാ തല്പരനുമായിരിക്കണം ദൈവജ്ഞൻ എന്ന് ശാസ്ത്രം അനുസരിയ്ക്കുന്നുണ്ട്. ഇങ്ങനെ ലക്ഷണയുക്തനായ ദൈവജ്ഞന്റെ വാക്ക് ഒരിയ്ക്കലും മിഥ്യയാകുന്നതല്ല എന്ന് ശാസ്ത്രം പറയുന്നു.

ദൈവജ്ഞ കൃത്യം നിർദ്ദേശിയ്ക്കുന്ന പ്രാശ്നികൻ ആചരിയ്ക്കേണ്ടതായ നിഷ്ഠയെപ്പറ്റിയും പറയുന്നുണ്ട്. ദൈവജ്ഞൻ ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് തന്റെ ഇഷ്ടദേവതയെ ഭക്തിയോടുകൂടി ധ്യാനിയ്ക്കണം. പിന്നീട് ശരീരശോധന കഴിച്ച് ആചമനാദി ക്രിയകളോടുകൂടി സ്നാനം ചെയ്ത് ദേഹശുദ്ധി വരുത്തണം. സന്ധ്യാവന്ദനം മുതലായ നിത്യാനുഷ്ഠാനങ്ങൾ ചെയ്ത് മന്ത്രജപാദികളായ അനന്തരകർമ്മങ്ങളും കഴിഞ്ഞ് പഞ്ചാംഗംഗണിച്ച് യാതൊരു മനോവികാരങ്ങളും ഇല്ലാതെ നിശ്ചലചിത്തനായിരിയ്ക്കണം. ഇങ്ങനെയുള്ള ദൈവജ്ഞനെയാണ് ജനങ്ങൾ താങ്കളുടെ ത്രൈകാല്യാഖില ഗുണദോഷഫലങ്ങൾ അറിയുവാനായി സമീപിക്കേണ്ടതാണ്. ഭാവിഫല ജിജ്ഞാസുകളായ ഇവർക്ക് ശരിയായ പരിഹാരം ഈ ദൈവജ്ഞനിൽ നിന്നും ലഭിയ്ക്കുമെന്നതിന് യാതൊരു സംശയവുമില്ല.

പ്രശ്നവിഷയത്തിൽ കൃഷ്ണീയം തുടങ്ങി പല ഉപരിഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും കൊല്ലവർഷം 825-ാംമാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന ഒരു മഹാമനീഷിയായിരുന്ന ഇടക്കോട്ടുനമ്പൂതിരി വിരചിച്ച പ്രശ്നമാർഗ്ഗം എന്ന ഗ്രന്ഥം തന്നെയാണ് ആധികാരികമായി സ്വീകരിച്ചുവരുന്നത്. കേരളത്തിന്റേത് എന്ന് മാത്രം അവകാശപ്പെടാവുന്ന ഈ ഒരു പ്രശ്നസമ്പ്രദായം ഭൂമുഖത്ത് വേറെ എവിടേയും ഉണ്ടെന്ന് തോന്നില്ല.

പ്രശ്നമാർഗ്ഗം സർവ്വസമ്പൂർണ്ണമാണ്. ഇതിന് പൂർവ്വാർദ്ധം ഉത്തരാർദ്ധം എന്നീ രണ്ട് ഭാഗങ്ങൾ ഉണ്ട്. ഒരു മനുഷ്യനെ ഉത്തരാർദ്ധം എന്നീ രണ്ട് ഭാഗങ്ങളുണ്ട്. ഒരു മനുഷ്യനെ പ്രത്യക്ഷമായും പരോക്ഷമായും ബാധിയ്ക്കുന്ന– അനുഭവിയ്ക്കുന്ന ദൈവികം, ആയുസ്സ്, അരിഷ്ടതകൾ, രോഗം തുടങ്ങി വിവാഹം, കർമ്മം, മരണം വരെയുള്ള

സമഗ്രമായി ചിന്തിയ്ക്കുവാൻ ഉള്ള പദ്ധതികൾ പ്രശ്നമാർഗ്ഗത്തിൽ ഉണ്ട്. പ്രശ്നമാർഗ്ഗത്തിന് ഗ്രന്ഥകർത്താവായ നമ്പൂതിരിയുടെ ദുർഗ്ഗമാർത്ഥപ്രകാശിക എന്ന ആദ്യത്തെ വ്യാഖ്യാനത്തിനു പുറമെ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, കുറുവാ നീലകണ്ഠനാചാരി കൃഷ്ണാലയം എം ഗോവിന്ദൻ എന്നിവരുടടെ വ്യാഖ്യാനങ്ങളും പ്രസിദ്ധങ്ങളാണ്. ജ്യോത്സ്യം പരമ്പരാഗതമായി ഗുരുകുലസമ്പ്രദായത്തിൽ പഠിക്കുന്ന രീതി ഇന്നും നിലവിലുണ്ട്.

ജ്യോത്സ്യം പരമ്പരാഗതമായി ഗുരുകുലസമ്പ്രദായത്തിൽ പഠിയ്ക്കുന്ന രീതി ഇന്നും നിലവിലുണ്ട്. പണിയ്ക്കരും, ഗണകനും, കുറുപ്പും, വാര്യരും, നമ്പൂതിരിയും മറ്റും ഈ രംഗത്ത് വിട്ടുപിരിയാത്ത പേരുകളാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം ജ്യോതിഷത്തിന്റെ ചരിത്രത്തിന് വളരെ പഴക്കവും പാരമ്പര്യവുമുണ്ട്. കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ, മച്ചാട്ട് നാരായണൻ ഇളയത്, അച്യുതപിഷാരടി, തലക്കുളത്തു ഭട്ടതിരി, പുതുമന ചോമാതിരി, മഴമംഗലത്തു ശങ്കരൻ നമ്പൂതിരി, എ. ആർ രാജ രാജവർമ്മ, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി, പ്രൊഫസർ, പി. യു കൃഷ്ണവാരിയർ തുടങ്ങിയ ഗണിതജ്ഞന്മാരും ജ്യോതിഷപ്രവർത്തകരും കേരള ജ്യോതിഷ ചരിത്രത്തിന് പ്രചുരപ്രചാരം വരുത്തി.

## ഗോളവും ഗണിതവും

ജാതകമായാൽ ജനനസമയത്തേയ്ക്കും പ്രശ്നമായാൽ തൽസമയത്തേയ്ക്കും ഗ്രഹങ്ങളുടെ സ്ഥിതിഗതികളും ബലാബലങ്ങളും ഗണിയ്ക്കുന്ന ബൃഹത്പദ്ധതിയാണ് ഗോളവും ഗണിതവും ഗ്രഹനിലക ളെക്കൊണ്ട് ഫലഭാഗം പറയുവാനായി ഗ്രഹനിലകളെ അറിയുന്ന ഗണിതഭാഗം എന്ന ഈ പദ്ധതിയില്ലാതെ നിവൃത്തിയില്ല. ഇതിനായി പണ്ടൊക്കെ നാളക്കം വെയ്ക്കുന്ന സമ്പ്രദായം മിക്ക കുടുംബങ്ങളിലും ഉണ്ടായിരുന്നു. ഈ ലളിതമായ പദ്ധതിയിലൂടെ നിത്യപഞ്ചാംഗവും ഗ്രഹങ്ങളുടെ സ്ഥിതിഗതികളും അന്നന്ന് ഗണിയ്ക്കുകയാണ് പതിവ്. കാലാന്തരങ്ങളെക്കൊണ്ട് ഗ്രഹങ്ങളുടെ ഗതി വിഗതികൾക്ക് മാറ്റം സംഭവിയ്ക്കുമെന്നും അതാതു കാലങ്ങളിൽ വേണ്ടതായ സൂക്ഷ്മഗണിതപദ്ധതികൾ സ്വീകരിച്ച് വേണ്ടതായ മാറ്റം വരുത്തണമെന്നും ആര്യഭടൻ, ഭാസ്കരൻ, തുടങ്ങിയ ആചാര്യന്മാർ നിർദ്ദേശിയ്ക്കുന്നുമുണ്ട്. ശകവർഷം 422-ാം മാണ്ടിൽ ആര്യഭടൻ ആര്യഭടീയവും, 427ൽ വരാഹമിഹിരൻ പഞ്ചസിദ്ധാന്തികയും, 520ൽ ബ്രഹ്മഗുപ്തൻ ബ്രഹ്മസിദ്ധാന്തികയും 875ൽ ദ്വിതീയാര്യസിദ്ധാന്തവും, 1072ൽ ഭാസ്കരാചാര്യർസിദ്ധാന്തശിരോമണിയും 1525ൽ മുനീശ്വരൻ സിദ്ധാന്തസർവ്വഭൗമവും രചിച്ച് അതാതുകാലങ്ങളിൽ ഗണിതപദ്ധതികൾ സൂക്ഷ്മീകരിച്ചതായി കാണാം.

മേൽപ്പറഞ്ഞ ഗോളഗണിതങ്ങളെക്കൊണ്ട് ഗ്രഹങ്ങളുടെ സ്ഥിതിഗതികൾ സൂക്ഷ്മമായി മനസ്സിലാക്കിയാലെ ഫലഭാഗത്തിലും സൂക്ഷ്മതയും കൃത്യതയും ഉണ്ടാവുകയുള്ളൂ. മലയാളത്തിൽ വാക്യപഞ്ചാംഗവും; പരഹിതമെന്നും ദൃക്സിദ്ധമെന്നും രണ്ടുവിധത്തിലുള്ള ഗണിതപദ്ധതികളും വന്നു. പരഹിത ഗണിതത്തിൽ വലിയ അന്തരം വന്നതിനാൽ സുപ്രസിദ്ധനായ ഒരു പരമേശ്വരൻ നമ്പൂതിരി ശതാബ്ദം 1353ൽ ദൃഗ്ഗണിതപദ്ധതി രചിച്ചു. ഈ ദൃഗ്ഗണിതപദ്ധതി മറ്റു ഗണിതപദ്ധതികളേക്കാൾ പരിശുദ്ധിയിലുള്ളതിനാൽ ഏറ്റവും ശ്രേഷ്ഠവും സർവ്വജനോ ദരണീയവുമായി തീർന്നു. പിൻകാലത്ത് വെങ്കടേശരാമകൃഷ്ണവിരചിതമായ ജ്യോതിർഗണിതം നൂതനവും സൂക്ഷ്മവും ഏറ്റവും പര്യാപ്തവുമായിതീർന്നു.

ഈ പ്രാചീന ഗണിതസമ്പ്രദായത്തിൽ വളരെ ശൈഥില്യം ഉണ്ട് എന്നുള്ള അഭിപ്രായം പരക്കെ സമ്മതിച്ചു തുടങ്ങി യതോടെ നൂതനഗണിതപദ്ധതികൾ പലതും വന്നു തുടങ്ങി. ജ്യോതിഷപണ്ഡിതനും നിരവധി ജ്യോതിഷഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവുമായ പുലിയൂർ പുരുഷോത്തമൻ നമ്പൂതിരിയുടെ ഗണിതനിർണ്ണയം എന്ന ഗ്രന്ഥമാണ് ഗണിതപദ്ധതിയ്ക്ക് പരിഷ്കാരവും സൂക്ഷ്മതയും ആധികാരികതയും ഉണ്ടാക്കിത്തന്നിട്ടുള്ളത്. ഇന്നും ഏറെക്കുറെ ഈ പദ്ധതിപ്രകാരമാണ് കേരളത്തിലെ പഞ്ചാംഗങ്ങൾ ഗണിച്ചുവരുന്നത്. ജ്യോതിഷപണ്ഡിതനായ പ്രൊഫസർ. പി. യു കൃഷ്ണവാര്യരുടെ സഹായത്തോടെയാണ് പുലിയൂര് പുരുഷോത്തമൻ നമ്പൂതിരി പൂർത്തീകരിച്ചത് എന്ന് പറയുമ്പോൾ അദ്ദേഹത്തെക്കൂടി സ്മരിക്കാതെ വയ്യ. ഗണിതവിഷയത്തിൽ ശ്രീ പി. കെ കോരു, എം. എ എൽ. ടി അവർകകൾ ലളിതമായ ഭാഷയിൽ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ, മച്ചാട്ട് നാരായണൻ ഇളയത്, ശങ്കരനാരായണൻ, അച്യുതപിഷാരടി, തലക്കുളത്തു ഭട്ടതിരി, പുതുമനചോമാതിരി, മഴമംഗലത്തു ശങ്കരൻ നമ്പൂതിരി എ. ആർ രാജരാജവർമ്മ, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് തുടങ്ങിയ ഗണിതജ്ഞന്മാർ കേരളജ്യോതിഷ ചരിത്രത്തിന് പ്രചുരപ്രചാരം വരുത്തിയവരാണ്.

ഗ്രഹസ്ഥിതികളും ഗതിവിഗതികളും മറ്റും കണക്കാക്കുവാനായി നൂതനഗണിതപദ്ധതികൾ വന്നതിന്റെ വെളിച്ച ത്തിൽ - ഗണിയ്ക്കുവാൻ വളരെ ബുദ്ധിമുട്ടുള്ളതുകൊണ്ടും ഈ രംഗത്തേയ്ക്ക് പ്രവേശിയ്ക്കുവാൻ വളരെ ക്ലേശിയ്ക്കേണ്ടതായി വരുന്നതുകൊണ്ടും പഞ്ചാംഗങ്ങൾ പ്രസിദ്ധീകൃതങ്ങളായി. കൊല്ലവർഷം 1020-ാംമാണ്ട് കാലങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന പഞ്ചാംഗത്തിൽ അന്നത്തെ രാജഭരണകർത്താക്കളുടേയും ഉദ്യോഗ സ്ഥന്മാരുടേയും എല്ലാ വിവരങ്ങളും ചേർത്തിരുന്നു. പൊതുജനങ്ങൾക്ക് ആവശ്യമായ പിറന്നാൾ ശ്രാദ്ധം തുടങ്ങിയ ആചാരങ്ങളും, ഷഷ്ഠി ഏകാദശി തുടങ്ങിയ വ്രതങ്ങളും, ക്ഷേത്രങ്ങളിലെ ഉത്സവാദി വിശേഷങ്ങളും വിവാഹാദി ഷോഡശക്രിയകൾക്കുള്ള മുഹൂർത്തങ്ങളും പഞ്ചാംഗങ്ങളിൽ നിന്നും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞുതുടങ്ങി. തിരുവിതാംകൂറിൽ പുലിയൂർ പുരുഷോത്തമൻ നമ്പൂതിരിയും, മലബാറിൽ പുന്നശ്ശേരി നമ്പി

നീലകണ്ഠൻ ശർമ്മയും, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടും, വടക്കേ മലബാറിൽ പയ്യന്നൂരിലെ വി. പി. കെ പൊതുവാളും പഞ്ചാംഗരചനയിൽ പ്രസിദ്ധിനേടി.

കേരളത്തിൽ വർഷംതോറും പ്രസിദ്ധീകരിയ്ക്കുന്ന പഞ്ചാംഗങ്ങളുടെ പേരു വിവരങ്ങൾ താഴെ എഴുതുന്നു. തിരുവിതാംകൂറ് ദേവസ്വം ബോർഡ്, ജ്യോതിഷഭൂഷണം പഞ്ചാംഗം, ജ്യോതിഷപരിഷത്ത് പഞ്ചാംഗം ഗുരുവായൂർ ദേവസ്വം പഞ്ചാംഗങ്ങൾ ഗണിയ്ക്കുന്നത് ഗണിതജ്യോതിഷപണ്ഡിതനായിരുന്ന എം. വി ഉഴുത്രവാരിയരുടെ ശിഷ്യൻ ഗണിതവിശാരദ് ചെത്തല്ലൂർ കൃഷ്ണൻകുട്ടി ഗുപ്തനും വിദ്യാരംഭം പഞ്ചാംഗം ഗണിയ്ക്കുന്നത് കാനപ്രം നാരായണൻ നമ്പൂതിരിയും എസ്. റ്റി റെഡ്യാർ പഞ്ചാംഗം ഗണിയ്ക്കുന്നത് മാന്നാർ രാഘവക്കുറുപ്പം, ഉത്തരമലബാർ, മാതൃഭൂമി പഞ്ചാംഗങ്ങൾ ഗണിയ്ക്കുന്നത് പയ്യന്നൂർ വി. പി. കെ പൊതുവാളും യോഗക്ഷേമപഞ്ചാംഗം ഗണിച്ചുവരുന്നത് കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാടുമാണ്. പഞ്ചാംഗത്തിന്റെ പൂർണ്ണരൂപമില്ലെങ്കിലും ജനങ്ങൾക്ക് നിത്യോപയോഗത്തിന് വേണ്ടതായ ഏറെക്കുറെ വിവരങ്ങളും ചേർത്ത് എളുപ്പത്തിൽ മനസ്സിലാക്കുവാനായി ചുമർ കലണ്ടറുകൾ വന്നുതുടങ്ങി. മാതൃഭൂമി മനോരമ തുടങ്ങിയ പത്രപ്രസാധക സ്ഥാപനങ്ങളാണ് കലണ്ടറുകൾ അച്ചടിച്ചു പ്രസിദ്ധീകരിയ്ക്കുന്നതിൽ പ്രധാന പങ്കുവഹിയ്ക്കുന്നത്.

അടുത്ത കാലം വരെ ഭാരതീയരുടെ അനേകം അന്ധവിശ്വാസങ്ങളിലൊന്നായിട്ടു മാത്രമേ പാശ്ചാത്യലോകം ജ്യോതിശ്ശാസ്ത്രത്തെ കണ്ടിരുന്നുള്ളൂ. ഇന്നാനിലയാകെ മാറിക്കഴിഞ്ഞു. കിഴക്കും, പടിഞ്ഞാറും തെക്കും വടക്കും എന്നൊന്നും ഭേദമില്ലാതെ ലോകം മുഴുവൻ ജ്യോതിശ്ശാസ്ത്രത്തെ അംഗീകരിയ്ക്കുന്നു എന്നതാണ് സത്യം. വാരഫലപ്രവചനങ്ങളില്ലാത്ത അതിർവരമ്പുകളും ജ്യോതിശ്ശാസ്ത്രത്തെ നിയന്ത്രിയ്ക്കുന്നില്ല

## നിമിത്തം

ജ്യോതിഷത്തിൽ ഹോരാസ്കന്ധത്തിലും സംഹിതാസ്കന്ധത്തിലുമായി നിമിത്തശാസ്ത്രം മുഴുവനും വിവരിയ്ക്കുന്നുണ്ട്. പ്രശ്നമാർഗ്ഗത്തിൽ ശകുനം, ദൂതന്റെ ചേഷ്ടകൾ മുതലായ നിമിത്തവിഷയങ്ങൾ അല്പം ചിലതുമാത്രമേ പറയുന്നുള്ളൂ. വാസ്തവത്തിൽ നിമിത്തശാസ്ത്രത്തിന് ജാതകാദികളേക്കാൾ പ്രാധാന്യവും ഫലപ്രാപ്തിയും കൂടുമെന്നാണ് ആചാര്യന്മാർ പറയുന്നത്. ഗ്രഹങ്ങളുടെയും രാശികളുടേയും ബലാബലങ്ങൾ അറിഞ്ഞുഫലം പറയുവാൻ വളരെ ചിന്തനീയ വിഷയമാകയാലും വിഷമമുള്ളതിനാലും ഈ വക വിഷമഘട്ടത്തിൽ നിമിത്തശാസ്ത്രം ഫലവത്താകുന്നു. രാശിഗ്രഹണം സർവ്വത്ര ദുർവിജ്ഞേയം ബലാബലം ശകുനേ ജാത സംവാദം രാശിഗ്രഹഫലം സ്ഫുടം നിമിത്തശാസ്ത്രം കൊണ്ട് പറയുന്ന ഫലം ഒരു വിധത്തിലും തെറ്റിപ്പോകുകയില്ലെന്നു അനുഭവംകൊണ്ടു തന്നെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്കു ബോദ്ധ്യം വന്നിട്ടുള്ളതുമാണ്.

## മുഹൂർത്തം

ജ്യോതിഷത്തിന്റെ ആറംഗങ്ങളിൽ വെച്ച് മുഹൂർത്തം എന്ന ഭാഗം പ്രാധാന്യമുള്ളതാകുന്നു. ഓരോ കർമ്മങ്ങളും ചെയ്യുവാനുള്ള ഗുണദോഷചിന്തനയാണ് ഇതിന്റെ പ്രതിപാദ്യവിഷയം. ശ്രൗതകർമ്മാവിനെ, വിഘ്നങ്ങളുണ്ടായാൽ അവയിൽ നിന്ന് തരണം ചെയ്ത് പൂർണ്ണഫലപ്രാപ്തി ഉണ്ടാക്കിക്കൊടുക്കുന്നതിന്നു സമർത്ഥമായ കാലവിശേഷത്തെ മുഹൂർത്തമെന്ന് പറയുന്നു.

മുഹുർമ്മുസ്താരയതേ
കർത്താരം ശ്രൗതകർമ്മണാം
തസ്മാൻമുഹൂർത്തേ ഇത്യാഹൂർ
മ്മുനയസ്തത്വദർശിനഃ (ശങ്കരഗൃഹ്യസൂത്രഭാഷ്യം)

വിഹിതകാലത്തിൽ ചെയ്യുന്ന കർമ്മങ്ങൾക്ക് ഫലസിദ്ധിയുള്ളതായും അവിഹിതകാലത്തു ചെയ്യുന്നതിനു നിഷ്ഫലമായും നാം സാധാരണ കണ്ടുവരുന്നുണ്ടല്ലോ. ഓരോ ശ്രൗതകർമ്മവും യഥാവിധി വിഘ്നം കൂടാതെ ചെയ്യുന്നതിന്നും അതിന്റെ പൂർണ്ണമായ ഫലം യഥാകാലം സിദ്ധിയ്ക്കുന്നതിനും അതിന്റെ പൂർണ്ണമായഫലം യഥാകാലം സിദ്ധിയ്ക്കുന്നതിനും സർവ്വപ്രകാരേണയും മുഹൂർത്തം സഹായിക്കുന്നു. അതുകൊണ്ടാണ് ഹിന്ദുക്കൾ ഇന്നും സർവ്വകർമ്മങ്ങളും മുഹൂർത്തം നോക്കി ചെയ്യുന്നത്. ഈ വിഷയത്തിലുള്ള മാധവീയം, മുഹൂർത്തരത്നം മുതലായ പ്രാചീന ഗ്രന്ഥങ്ങൾ അതിവിപുലവും അതിവിസ്തൃതങ്ങളുമാണ്. ദോഷരഹിതമായ മുഹൂർത്തം കിട്ടുവാനുള്ള വൈഷമ്യം കൊണ്ടും എളുപ്പത്തിൽ ഗ്രഹിയ്ക്കാനായി ഈ വിഷയങ്ങളെ സംഗ്രഹിച്ചും, കേരളാചാര്യത്തെ അടിസ്ഥാനമാക്കിയും വിവാഹാദിഷോഡശക്രിയകൾക്കും, ഔഷധസേവ, കൃഷ്യാരംഭം യാത്ര തുടങ്ങിയ ശുഭകർമ്മങ്ങൾക്കും ശുഭസമയങ്ങളറിയാനുള്ള ഒരു പദ്ധതിയാണ് പാഞ്ഞാളിനടുത്തുള്ള മാത്തൂർ നമ്പൂതിരിപ്പാട് രചിച്ച മുഹൂർത്തപദവി. ഇന്നുള്ള മിക്ക പഞ്ചാംഗങ്ങളിലും ശുഭകർമ്മങ്ങൾക്കുള്ള മുഹൂർത്തങ്ങളും നല്ല ദിവസങ്ങളും ചേർത്തു കാണന്നു.

*ശുഭമസ്തു.*